# കേരളസർവകലാശാല

നം.പി.ആർ.158/2021

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ജൂലൈയിൽ നടത്തിയ എം.ഫിൽ. ഹ്യൂമൻ റൈറ്റ്സ് (2019 – 2020) സി.എസ്.എസ്., കാര്യവട്ടം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല മാർച്ച് 2021 ൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.സി.എ., ബി.എസ്.സി. ഇലക്ട്രോണിക്സ് (2018 അഡ്മിഷൻ – റെഗുലർ, 2017, 2016, 2015 അഡ്മിഷൻ – സപ്ലിമെന്ററി) എന്നീ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ആഗസ്റ്റ് 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ/പ്രോജക്ട്/വൈവ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എസ്സി. മൈക്രോബയോളജി പരീക്ഷയുടെ (മാർച്ച് 2021) പ്രാക്ടിക്കൽ/പ്രോജക്ട്/വൈവ പരീക്ഷകൾ ആഗസ്റ്റ് 16 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പിഎച്.ഡി. കോഴ്സ്വർക്ക് പരീക്ഷ

കേരളസർവകലാശാല 2021 ഒക്ടോബറിൽ നടത്തുന്ന പിഎച്.ഡി. കോഴ്സ്വർക്ക് പരീക്ഷക്കുള്ള (ജൂലൈ 2021 സെഷൻ) അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫോറവും മറ്റ് വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2021 സെപ്റ്റംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (2020 സ്കീം റെഗുലർ) പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 26 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 1 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 3 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല സെപ്റ്റംബർ 16 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 17 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 25 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 28 വരെയും അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2020 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി ആഗസ്റ്റ് 13, 16, 17 തീയതികളിൽ (ഇ.ജെ. X – പത്ത്) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2021 ആഗസ്റ്റ് 13 ന് ആരംഭിക്കുന്ന ബി.എ (ആന്വൽ) പാർട്ട് മൂന്ന് പരീക്ഷയ്ക്ക് ചെമ്പഴന്തി എസ്.എൻ.കോളേജ്, പെരിങ്ങമ്മല ഇക്ബാൽ കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എ.ജെ.കോളേജിലും മാവേലിക്കര ബിഷപ്പ് മൂർ കോളേജ്, നങ്ങ്യാർകുളങ്ങര റ്റി.കെ.എം.എം. കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കരുനാഗപ്പള്ളി ശ്രീവിദ്യാധിരാജ കോളേജിലും പന്തളം എൻ.എസ്.എസ്.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ അടൂർ സെന്റ്. സിറിൾസ് കോളേജിലും കാട്ടാക്കട ക്രിസ്റ്റ്യൻ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ തിരുവനന്തപുരം ജോൺ കോക്സ് മെമ്മോറിയൽ സി.എസ്.ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലും തിരുവനന്തപുരം എം.ജി.കോളേജ്, തുമ്പ സെന്റ്.സേവ്യേഴ്സ് കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഓഫ്ലൈൻ വിദ്യാർത്ഥികൾ തിരുവനന്തപുരം ജോൺ കോക്സ് മെമ്മോറിയൽ സി.എസ്.ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലും ഓൺലൈൻ വിദ്യാർത്ഥികൾ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലും പരീക്ഷ എഴുതേണ്ടതാണ്.

തിരുവനന്തപുരം ഗവ.ആർട്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ വാഴിച്ചൽ ഇമ്മാനുവൽ കോളേജിലും കൊല്ലം എഫ്.എം.എൻ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിലും ആലപ്പുഴ സെന്റ്.ജോസഫ്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിലും കാഞ്ഞിരംകുളം കെ.എൻ.എം. ഗവ.കോളേജ്, ഗവ.സംസ്കൃത കോളേജ് (ഹിസ്റ്ററി, മലയാളം, സോഷ്യോളജി മെയിൻ ഓൺലൈൻ വിദ്യാർത്ഥികൾ) എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കാഞ്ഞിരംകുളം കെ.എൻ.എം. സെൽഫ് ഫിനാൻസിംഗ് കോളേജിലും ചേർത്തല എസ്.എൻ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. നെടുമങ്ങാട് ഗവ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി മെയിൻ (പെൺകുട്ടികൾ മാത്രം), ഓഫ്ലൈൻ സപ്ലിമെന്ററി വിദ്യാർത്ഥികളും നെടുമങ്ങാട് കെ.യു.സി.റ്റി.ഇ.യിലും പരീക്ഷ എഴുതേണ്ടതാണ്. നെടുമങ്ങാട് ഗവ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി മെയിൻ (ആൺകുട്ടികൾ), അറബിക്, ഇക്കണോമിക്സ്, മെയിൻ വിദ്യാർത്ഥികൾ ചെമ്പഴന്തി എസ്.എൻ.കോളേജിലും നെടുമങ്ങാട് ഗവ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച (സോഷ്യോളജി ആന്റ് ഇംഗ്ലീഷ് മെയിൻ വിദ്യാർത്ഥികൾ) പിരപ്പൻകോട് യു.ഐ.ടി.യിലും പരീക്ഷ എഴുതേണ്ടതാണ്. തിരുവനന്തപുരം ആൾ.സെയിന്റ്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ തിരുവനന്തപുരം ഗവ.വിമൻസ് കോളേജിലും ആറ്റിങ്ങൽ ഗവ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച (ഇംഗ്ലീഷ് ആന്റ് ഹിസ്റ്ററി ഓൺലൈൻ വിദ്യാർത്ഥികൾ) നഗരൂർ ശ്രീശങ്കരവിദ്യാപീഠംത്തിലും പരീക്ഷ എഴുതേണ്ടതാണ്.

തിരുവനന്തപുരം,
12.08.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**